# രക്ഷയുടെ പാതയിൽ



# ഈശോയെ അനുഭവിച്ച ജനം

6

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേണ്ടി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

# പാഠം 4



## ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ

# ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ

- ഏശയ്യാ പ്രവാചകന്റെ പുസ്തകം അവനു നൽകപ്പെട്ടു. “കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയിതിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായവത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.
- കർത്താവിന്റെ ആത്മാവിനാൽ പൂരിതനും അഭിഷിക്തനുമായ ഈശോ മനുഷ്യന്റെ സമഗ്രവിമോചത്തിനായി പ്രയത്നിച്ചു. പ്രധാനമായും അഞ്ചു കാര്യങ്ങൾ ചെയ്തുകൊണ്ടാണ് ഈശോ ഈ ദൗത്യം നിറവേറ്റിയത്.

## 1. ദരിദ്രർക്ക് സുവിശേഷം

- ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുക എന്നതായിരുന്നു ഈശോയുടെ പ്രഥമ കർത്തവ്യം. ജനനവും ജീവിതവും മരണവും ഉയിർപ്പും ദരിദ്രർക്കുള്ള സദ്‌വാർത്തയായിരുന്നു. സാമ്പത്തികമായി ദാരിദ്ര്യം അനുഭവിക്കുന്നവർ മാത്രമല്ല ശാരീരികമായും മാനസികമായും ദുരിതമനുഭവിക്കുന്നവരും ഞെരുക്കപ്പെടുന്നവരും യഥാർത്ഥത്തിൽ ദരിദ്രനാണ്.
- ഭൗതികതയിലും സമ്പത്തിലും ആശ്രയിക്കാതെ ദൈവത്തിന്റെ കരുണയിലും പരിപാലനയിലും പൂർണ്ണമായും ആശ്രയിക്കുന്നവരാണ് ആത്മാവിൽ ദരിദ്രർ.

## 2. ബന്ധിതർക്കു മോചനം

- പിശാചിന്റെ അടിമത്തത്തിൽ നിന്നും പാപത്തിന്റെ ബന്ധനത്തിൽ നിന്നും നമ്മെ മോചിപ്പിക്കാനാണ് ഈശോ വന്നത്. രോഗത്തിന്റെയും വഞ്ചന ചൂഷണം, കാപട്യം തുടങ്ങിയ സാമൂഹിക തിന്മകളുടെയും ബന്ധനത്തിൽ നിന്നും ഈശോ നമ്മെ മോചിപ്പിക്കുന്നു.
- “നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.”
- “ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്?”
- എന്തൊരു വചനമാണിത്! ഇവൻ അധികാരത്തോടും ശക്തിയോടും കൂടെ അശുദ്ധാത്മാക്കളോടു കല്പിക്കുകയും അവ വിട്ടുപോവുകയും ചെയ്യുന്നുവല്ലോ.
- ഈശോ പാപത്തിന്റെയും രോഗത്തിന്റെയും ബന്ധനങ്ങളിൽ നിന്നു മാത്രമല്ല പലവിധ പൈശാചിക ബന്ധനങ്ങളിൽ നിന്നും മോചനം നൽകുന്നതായി സുവിശേഷങ്ങളിൽ നമുക്ക് കാണാം.

ssZh-cm-Py-'nsa kphn-ti-j-a-dn-bn-rpJ Cutim

## 3. അന്ധർക്ക് കാഴ്ച

- ദാവീദിന്റെ പുത്രനായ ഈശോയെ എന്നിൽ കനിയേണമേ എന്നു നിലവിളിച്ചുകൊണ്ട് അന്ധർ ഈശോയെ സമീപിച്ചു.
- “ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാക്കേണ്ടതിനാണ്.
- അവൻ നിലത്തു തുപ്പി; തുപ്പൽകൊണ്ടു ചെളിയുണ്ടാക്കി, അവന്റെ കണ്ണുകളിൽ പൂശിയിട്ട്, അവനോടു പറഞ്ഞു: നീ പോയി സീലോഹാ കുളത്തിൽ കഴുകുക. അവൻ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു.”
- “കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന് ന്യായവിധിയ്ക്കായിട്ടാണ് ഞാൻ ഈ ലോകത്തിലേക്കു വന്നത്.
- ശാരീരികമായ അന്ധത മാത്രമല്ല അവിടുന്നു നീക്കിയത്. അജ്ഞതയാകുന്ന അന്ധതയെ ജ്ഞാനവചസ്സുകളാൽ അവിടുന്ന് അകറ്റി. അനീതി, ചൂഷണം അസത്യം തുടങ്ങിയ ധാർമ്മിക അന്ധകാരം ബാധിച്ചവർക്കെതിരെ ശബ്ദമുയർത്തിയും സത്യത്തിന്റെ വചനം നൽകിയും അവരെ പ്രകാശത്തിലേക്കു കൊണ്ടുവരാൻ പ്രയത്നിച്ചു.

## 4. അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം

- പാപത്തിന്റെ അടിമത്തച്ചങ്ങല പൊട്ടിച്ചെറിയാനാണ് ഈശോ വന്നത്.
- നേരായ പാതയിലൂടെ നടന്ന് നിത്യസൗഭാഗ്യത്തിലെത്തിച്ചേരാനുള്ള വഴികാട്ടിയായി ദൈവം മനുഷ്യന് നിയമം നൽകി. എന്നാൽ അതിനെ തെറ്റായി വ്യാഖ്യാനിച്ച് വെറും ബാഹ്യമായ അനുഷ്ഠാനത്തിലൊതുക്കിയപ്പോൾ അത് ഒരു അടിച്ചമർത്തലായിമാറി.
- പാപത്തിന്റെയും രോഗത്തിന്റെയും നിയമത്തിന്റെയും ബന്ധനങ്ങളിൽ നിന്നു നമ്മെ മോചിപ്പിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു നയിക്കാനാണ് ഈശോ വന്നത്.

## 5. കർത്താവിനു സ്വീകാര്യമായ വത്സരം

- കർത്താവിനു സ്വീകാര്യമായ വത്സരം അവിടുന്നു പ്രഖ്യാപിച്ചു. കടങ്ങൾ ഇളച്ചുകൊടുക്കുന്ന, അനാഥരോടും വിധവകളോടും കരുണകാണിക്കുന്ന, പാവപ്പെട്ടവരുമായി പങ്കുവയ്ക്കുവാൻ തയ്യാറാകുന്ന, അനീതിയുടെയും അസമത്വത്തിന്റെയും നുകമൊടിക്കുന്ന, വിദ്വേഷവും, പകയുമില്ലാത്ത വത്സരമാണ് കർത്താവിനു സ്വീകാര്യമായ വത്സരം. സമത്വവും സ്നേഹവും സാഹോദര്യവും പുലരുന്ന ഒരു നല്ല സമൂഹനിർമ്മിതിയായിരുന്നു ഈശോയുടെ ദൗത്യങ്ങളിലൊന്ന്.

## ദൈവരാജ്യം അറിയിക്കുന്ന ഈശോ

- അപ്പം വർദ്ധിപ്പിച്ചു നൽകിയും രോഗികളെയും പിശാചുബാധിതരെയും സുഖപ്പെടുത്തിയും ഒട്ടേറെ അത്ഭുതങ്ങളിലൂടെ ഈശോ ദൈവരാജ്യത്തിന്റെ സുവിശേഷത്തിനു തെളിവു നൽകി. അവിടുത്തെ വചനത്തിലും പ്രവൃത്തിയിലും സാന്നിദ്ധ്യത്തിലും ഈ ദൈവരാജ്യം മനുഷ്യർക്ക് പ്രത്യക്ഷമായി.
- ദൈവത്തെ പിതാവായും മനുഷ്യവംശത്തെ മുഴുവൻ സഹോദരങ്ങളായും കണ്ട് സ്നേഹിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന അവസ്ഥയാണ് ദൈവരാജ്യം.
- ഭൂമിയിൽ ആ അവസ്ഥ സംജാതമാക്കുകയാണ് തിരുസഭയുടെ ദൗത്യം

## സുവിശേഷങ്ങൾ.

- ഈശോ അരുളിചെയ്ത കാര്യങ്ങളും ചെയ്ത പ്രവൃത്തികളും ഈശോയുടെ ജനനത്തെക്കുറിച്ചും ബാല്യത്തെക്കുറിച്ചും ശേഖരിച്ച വിവരങ്ങളുമെല്ലാം ദൈവികപ്രചോദനമനുസരിച്ച് ഈശോയുടെ ശിഷ്യരോ അവരുടെ ശിഷ്യരോ രേഖപ്പെടുത്തിവെച്ചു. ഇങ്ങനെ രേഖപ്പെടുത്തിയ വി.ഗ്രന്ഥമാണ് സുവിശേഷങ്ങൾ. വി.മത്തായി, വി മർക്കോസ്, വി. ലൂക്കാ, വി.യോഹന്നാൻ എന്നിവരുടെ പേരിൽ നാലു സുവിശേഷങ്ങൾ നമുക്ക് ലഭ്യമായിട്ടുണ്ട്. ഇവയാണ് പുതിയ നിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങൾ. ഈ സുവിശേഷങ്ങൾ ധ്യാനാത്മകമായി വായിക്കുമ്പോൾ ഈശോ അറിയിച്ച ദൈവരാജ്യത്തിന്റെ സവിശേഷതകൾ നമുക്ക് വ്യക്തമാകും.

# എന്റെ തീരുമാനം

“ദാവീദിന്റെ പുത്രനായ
ഈശോയെ, പാപിയായ
എന്നിൽ കനിയണമേ!” എന്ന
ഈശോനാമജപം ഞാൻ
ആവർത്തിച്ചുചൊല്ലും.


വഴികാട്ടാൻ ഒരു
തിരുവചനം
“കർത്താവേ, കർത്താവേ എന്ന്
വിളിച്ചപേക്ഷിക്കുന്നവനല്ല,
എന്റെ സ്വർഗ്ഗസ്ഥനായ
പിതാവിന്റെ ഇഷ്ടം
നിറവേറ്റുന്നവനാണ്
സ്വർഗരാജ്യത്തിൽ
പ്രവേശിക്കുന്നത്.”